**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5116** **14-03-2023 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇ.എം.3/14977/22 നമ്പർ ഫയൽ തീർപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കുന്ദമംഗലം ഹയർ സെക്കൻഡറി സ്കൂളിൽ യു.പി. സെക്ഷനിൽ അറബിക് അധ്യാപകനായി ജോലി ചെയ്തുവരുന്ന ഹാഫിസ് പി. എന്നയാളുടെ 51 എ ക്ലെയിം നഷ്ടപ്പെട്ടത് സംബന്ധിച്ച പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | **കുന്നമംഗലം ഹയർ സെക്കന്ററി സ്കൂളിൽ യു.പി.സെക്ഷനിൽ അറബിക് അധ്യാപകനായി ജോലി ചെയ്തുവരുന്ന ഹാഫിസ്.പി എന്നയാളുടെ 51 എ ക്ലെയിം നഷ്ടപ്പെട്ടത് സംബന്ധിച്ച പരാതി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഇ.എം.3/14977/22 ഫയലിൽ അറ്റാച്ച് ചെയ്ത് പരിശോധിച്ചുവരുന്നു. ശ്രീ.ഹാഫിസിനെ അവധി ഒഴിവിൽ രണ്ടു തവണയാണ് കുന്നമംഗലം സ്കൂളിൽ നിയമിച്ചിട്ടുള്ളത്. ആദ്യ അവധി ഒഴിവിൽ (2-6-2008 - 4-9-2012) കാലയളവ് പൂർത്തിയാക്കുന്നതിന് മുൻപ് ടിയാൻ വകുപ്പിന്റെ അനുമതി നേടാതെ സ്വമേധയാ ജോലിയിൽ നിന്ന് വിട്ടുനിന്നു. പിന്നീട് രണ്ടാമത് നിയമിക്കപ്പെട്ട അവധി ഒഴിവിൽ (3-6-2013 – 31-5-2016 )അംഗീകാരം നേടി തുടരവേ അനുമതിയില്ലാതെ വിദേശത്തേയ്ക്ക് പോയിരുന്നു. വകുപ്പിന്റെ അനുമതിയില്ലാതെ സേവനത്തിൽ നിന്നും വിട്ടുനിൽക്കുന്നത് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ഇക്കാര്യം പരിശോധിച്ച് ശ്രീ.ഹാഫിസ്.പി.യുടെ ചട്ടം 51എ അവകാശം സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ എടുത്തു വരുന്നു.** |
| (ബി) | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇ.എം.3/14977/22 നമ്പർ ഫയൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | **കുന്നമംഗലം ഹയർ സെക്കന്ററി സ്കൂളിൽ യു.പി.സെക്ഷനിൽ അറബിക് അധ്യാപകനായി ജോലി ചെയ്തുവരുന്ന ഹാഫിസ്.പി എന്നയാളുടെ 51 എ ക്ലെയിം നഷ്ടപ്പെട്ടത് സംബന്ധിച്ച പരാതി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഇ.എം.3/14977/22 ഫയലിൽ അറ്റാച്ച് ചെയ്ത് പരിശോധിച്ചുവരുന്നു. ശ്രീ.ഹാഫിസിനെ അവധി ഒഴിവിൽ രണ്ടു തവണയാണ് കുന്നമംഗലം സ്കൂളിൽ** |

| | | | | |
|---|---|---|---|---|
| | | | | **നിയമിച്ചിട്ടുള്ളത്. ആദ്യ അവധി ഒഴിവിൽ (2-6-2008 - 4-9-2012) കാലയളവ് പൂർത്തിയാക്കുന്നതിന് മുൻപ് ടിയാൻ വകുപ്പിന്റെ അനുമതി നേടാതെ സ്വമേധയാ ജോലിയിൽ നിന്ന് വിട്ടുനിന്നു. പിന്നീട് രണ്ടാമത് നിയമിക്കപ്പെട്ട അവധി ഒഴിവിൽ (3-6-2013 – 31-5-2016 )അംഗീകാരം നേടി തുടരവേ അനുമതിയില്ലാതെ വിദേശത്തേയ്ക്ക് പോയിരുന്നു. വകുപ്പിന്റെ അനുമതിയില്ലാതെ സേവനത്തിൽ നിന്നും വിട്ടുനിൽക്കുന്നത് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ഇക്കാര്യം പരിശോധിച്ച് ശ്രീ.ഹാഫിസ്.പി.യുടെ ചട്ടം 51എ അവകാശം സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ എടുത്തു വരുന്നു.** |

സെക്ഷൻ ഓഫീസർ